## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 293** **18-03-2013-ൽ മറുപടിയ്ക്ക്**

## പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; | (എ) | 1989 |
| (ബി) | ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്ര കേസ്സുകളിൽ കോടതിയിൽ എഫ്.ഐ.ആർ സമർപ്പിച്ചുവെന്നും വിശദമാക്കാമോ ; | (ബി) | 1523 കേസ്സുകൾ രജിസ്റ്റർ ചെയ്തു. കോടതിയിൽ എഫ്.ഐ.ആർ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ദേശീയ പട്ടികജാതി കമ്മീഷൻ എത്ര കേസ്സുകളിൽ കേരള പോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും ആയതിൽ എത്രയെണ്ണത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (സി) | 43 കേസുകളിൽ റിപ്പോർട്ട് ആവശ്യപ്പെടുകയും 35 എണ്ണത്തിന് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ എത്രയെണ്ണത്തിൽ പോലീസുദ്യോഗസ്ഥർ പ്രതികളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | 8 എണ്ണത്തിൽ. |

സെക്ഷൻ ഓഫീസർ